പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1852** 17-03-2015 - ൽ മറുപടിയ്ക്ക്

## വെള്ളയിൽ ഫിഷിങ്ങ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ. പ്രദീപ്കുമാർ** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | കോഴിക്കോട് വെള്ളയിൽ ഫിഷിങ്ങ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | എ) | 1) 530 മീറ്റർ നീളമുള്ള വടക്കേ പുലിമുട്ടിന്റെ 470 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു.<br>2) 750 മീറ്റർ നീളമുള്ള തെക്കേ പുലിമുട്ടിന്റെ 685 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു.<br>3) 100 മീറ്റർ നീളമുള്ള കീവാളിന്റെ നിർമ്മാണം 46% പൂർത്തീകരിച്ചു.<br>4) 600 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ലേലഹാളിന്റെ നിർമ്മാണം 11% പൂർത്തീകരിച്ചു.<br>5) 360 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കവേർഡ് ഫിഷ് ലോഡിംഗ് ഏരിയയുടെ നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br>6) 59000 ക്യൂബിക് മീറ്റർ ഡ്രഡ്ജിംഗിന്റെ 20000 ക്യൂബിക് മീറ്റർ ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്.<br>ടി പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തികളായ അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, ഓടകളുടെ നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, വർക്ക്ഷോപ്പ് ബിൽഡിംഗ്, കടകൾ, വിശ്രമ മുറികൾ, ശുദ്ധജലവിതരണ സംവിധാനം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുതീകരണം മുതലായവ ക്രമീകരിക്കേണ്ടതുണ്ട്. മേൽ പ്രവൃത്തികൾ ക്രമീകരിക്കുമ്പോൾ ഷെഡ്യൂൾ നിരക്ക് വർദ്ധന കാരണം ഭരണാനുമതി തുക അധികരിക്കുമെന്നതിനാൽ 5413 ലക്ഷം രൂപയുടെ കോമ്പ്രിഹെൻസീവ് റിപ്പോർട്ട് ലഭ്യമായത് പരിശോധിച്ചുവരുന്നു. |
| ബി) | ഈ പ്രവൃത്തിയുടെ മൊത്തം തുക, കേന്ദ്ര സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വിശദമാക്കാമോ; | ബി) | മൊത്തം തുക - 3930.20 ലക്ഷം<br>കേന്ദ്രവിഹിതം - 2947.65 ലക്ഷം<br>സംസ്ഥാന വിഹിതം - 982.55 ലക്ഷം |

| | | | |
|---|---|---|---|
| സി) | പദ്ധതിക്കായി കേന്ദ്ര സംസ്ഥാന വിഹിതമായി എത്ര രൂപയാണ് ലഭ്യമായതെന്ന് വിശദമാക്കുമോ? | സി) | വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണ പദ്ധതിയ്ക്കായി കേന്ദ്രസംസ്ഥാന വിഹിതമായി 1160.63 ലക്ഷം രൂപയാണ് ലഭിച്ചത്. |

**സെക്ഷൻ ഓഫീസർ**